# റൗണ്ട് ടേബിളുമായി സഹകരിക്കാൻ ശ്രീറാം വെൽത്ത്

ചെന്നൈ ▶ അംഗങ്ങളെ സാമ്പത്തിക വിഷയങ്ങളെപ്പറ്റി ബോധവത്കരിക്കുന്നതിന് റൗണ്ട് ടേബിൾ ഇന്ത്യ(ആർടിഐ)യും ശ്രീറാം വെൽത്തും ധാരണാപത്രത്തിൽ ഒപ്പുവെച്ചു. റൗണ്ട് ടേബിളിന്റെ ജീവകാരുണ്യപ്രവർത്തനങ്ങളിലും ശ്രീറാം സഹകരിക്കുമെന്ന് ശ്രീറാം വെൽത്ത് സിഇഒ വികാസ് സതീജ അറിയിച്ചു.

വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാനസൗകര്യ വികസനം തുടങ്ങിയ മേഖലകളിൽ സന്നദ്ധപ്രവർത്തനം നടത്തുന്ന സംഘടനയാണ് റൗണ്ട് ടേബിൾ. ഇത്തരം പ്രവർത്തനം നടത്തുന്നതിന് അംഗങ്ങൾക്ക് സാമ്പത്തിക സ്വാതന്ത്ര്യത്തെപ്പറ്റിയും അനുബന്ധ വിഷയങ്ങളെപ്പറ്റിയും മികച്ച ധാരണയുണ്ടായിരിക്കണം എന്നതിന്റെ അടിസ്ഥാനത്തിലാണ് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ശ്രീറാം ഗ്രൂപ്പിന്റെ വെൽത്ത് മാനേജ്മെന്റ് സംരംഭമാണ് ശ്രീറാം വെൽത്ത്.